ലോറിയും സ്പിരിറ്റും ചെക്പോസ്റ്റിൽ പിടിച്ച സംഭവം

60 (1115) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആര്യങ്കാവ് ചെക്പോസ്റ്റിൽനിന്ന് 1999-ൽ പിടിച്ച നാലു ലോറി സ്പിരിറ്റിൽ വിട്ടുകൊടുത്ത രണ്ടു ലോറി സ്പിരിറ്റ് എവിടെയ്ക്കാണ് കൊണ്ടു പോയതെന്നത് സംബന്ധിച്ച് അന്വേഷണം പൂർത്തിയായിട്ടുണ്ടോ ;

(ബി) എങ്കിൽ അത് എവിടെയ്ക്കാണ് കൊണ്ടുപോയതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ലോറിയും സ്പിരിറ്റും എത്തിച്ചേർന്ന സ്ഥലത്തുനിന്നും അത് സംബന്ധിച്ച രേഖകൾ ലഭ്യമാണോ ; എങ്കിൽ ലഭ്യമാക്കുമോ ?

ഉത്തരം

(എ) അന്വേഷണം നടന്നുവരുന്നു. പൂർത്തിയായിട്ടില്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

ഡീസൽ വില വർദ്ധനമൂലമുള്ള അധികവരുമാനം

61 (1116) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈയിടെ കേന്ദ്രസർക്കാർ ഡീസൽ വില വർദ്ധിപ്പിച്ചപ്പോൾ സംസ്ഥാനത്ത് എത്ര രൂപയുടെ വർദ്ധനവാണ് ഒരു ലിറ്ററിന് ഉണ്ടായതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ വർദ്ധിച്ച വിലയിൽ സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി വരുമാനം ഒരു ലിറ്ററിൽ നിന്ന് എത്ര പൈസയാണ് ;

(സി) വർദ്ധിപ്പിച്ച ഡീസൽവിലയിൽ നിന്നും ശരാശരി കേരളത്തിന് ലഭിക്കുന്ന അധികവരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 4.16 രൂപയുടെ വർദ്ധനവുണ്ടായി.

(ബി) 77 പൈസ.

(സി) വിലവർദ്ധനവിന് ശേഷം ഇതുവരെ നികുതിയിലുണ്ടായ വർദ്ധനവ് ഏകദേശം 2142 ലക്ഷം രൂപയാണ്.

സാമൂഹ്യവനവൽക്കരണ പരിപാടി

62 (1117) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ സാമൂഹ്യവനവൽക്കരണ പരിപാടി ഇപ്പോൾ നടപ്പിലാക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly